പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3570

15/07/2015 -ൽ
മറുപടിയ്ക്കു്

**<u>തിരുവാഭരണപ്പാത</u>**

<u>ചോദ്യം</u>

ശ്രീ. രാജു എബ്രഹാം

<u>ഉത്തരം</u>

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | തിരുവാഭരണപ്പാതയുമായി ബന്ധപ്പെട്ട് ദേവസ്വം ബോർഡിന് എത്ര ഏക്കർ സ്ഥലമാണ് ഉള്ളതെന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ; | എ) | പന്തളം മുതൽ ശബരിമലവരെ തിരുവാഭരണം കൊണ്ടുപോകുന്നതിന് 83 കിലോമീറ്റർ ദൂരമാണുള്ളത്. പന്തളം മുതൽ ളാഹവരെയുള്ള 43 കി.മീ സ്ഥലം ജനവാസകേന്ദ്രമാണ്. ളാഹ മുതൽ ശബരിമല വരെ ബാക്കിയുള്ള സ്ഥലം വന സംരക്ഷണ മേഖലയുമാണ്. ഇതിൽ ദേവസ്വം ബോർഡ് വക സ്ഥലം എത്രയുണ്ടെന്ന് കൃത്യമായി കണക്കാക്കിയിട്ടില്ല. |
| ബി) | ഇതിൽ ഏതൊക്കെ വില്ലേജുകളിലാണ് സ്ഥലം കയ്യേറ്റം നടന്നതെന്നും എത്ര ഭൂമി കയ്യേറിയെന്നും അറിയിക്കുമോ; | ബി) & സി) | തിരുവാഭരണം കൊണ്ടുപോകുന്ന പാതയിൽ 495 കൈയ്യേറ്റം റവന്യൂ അധികൃതരുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിൽ റാന്നി വില്ലേജിൽ ഒരേക്കർ എട്ട് സെൻറും അതിനോട് ചേർന്ന് 76 സെൻറും ദേവസ്വം ബോർഡിൻേറതാണ്. ഇതിൽ ഒരേക്കർ എട്ട് സെൻറ് ഭൂമി ദേവസ്വം ബോർഡ് ഏറ്റെടുത്തിട്ടുണ്ട്. 76 സെൻറ് ഭൂമി കൂടി ഏറ്റെടുക്കാനുണ്ട്. |
| സി) | കയ്യേറ്റം നടത്തിയ ഭൂമി പൂർണ്ണമായും തിരിച്ചുപിടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതൊക്കെ വില്ലേജുകളിൽ എത്ര ഭൂമി ഇത്തരത്തിൽ ഒഴിപ്പിക്കാനുണ്ട് എന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ: | | |
| ഡി) | കയ്യേറ്റം ഒഴിപ്പിക്കാൻ കാലതാമസം വരുന്നതിന് കാരണം വ്യക്തമാക്കാമോ? | ഡി) | 76 സെൻറ് സ്ഥലം തിരിച്ചുപിടിക്കുന്നതിന് ലാൻറ് കൺസർവൻസി കേസ് രജിസ്റ്റർ ചെയ്ത് തുടർ നടപടി സ്വീകരിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ